**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ജയകൃഷ്ണൻ സി പി, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എ5- 7558/2021/ജിമെഒ കാസർഗോഡ് തീയതി 01.07.2021
2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 43422/2021/ആവഡ തീയതി 17.09.2021
3. ഉത്തരവ് നം DHS/6779 (6810)/2025-EA4 തീയതി 02.06.2025
4. GE03/F/A1504/829 തീയതി 11.10.2023

### ഉത്തരവ് നം. DHS/6779/2025-EA4 തീയതി.12-12-2025

ഡോ ജയകൃഷ്ണൻ സി പി (Dr Jayakrishnan C P PEN 832983), 03.05.2018 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് റ്റാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ സേവനത്തിലിരിക്കവെ 02.01.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽക ുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് ഡോ ജയകൃഷ്ണൻ സി പി മറുപടി സമർപ്പിച്ചിരുന്നില്ല. ഡോ ജയകൃഷ്ണൻ സി പി യുടെ പ്രൊബേഷൻ അവസാനിപ്പിച്ച്

സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 12.06.2025 നകം ബോധിപ്പിക്കുന്നതിന് ടിയാൾക്ക് ഒരവസരം കൂടി നൽകി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യേഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിനോടും ടിയാൾ പ്രതികരിച്ചിട്ടില്ല.

(2) ടി സാഹചര്യത്തിൽ 02.01.2021 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ജയകൃഷ്ണൻ സി പി, ജൂനിയർ കൺസൾട്ടന്റ്ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ജയകൃഷ്ണൻ സി പി, ജൂനിയർ കൺസൾട്ടന്റ് ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 14:22:15

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Jayakrishnan C P,**

**Cherakara Kuzhiyil, Pazhupathur Post,**

**Arivayal, Sulthan Batheri- 673592**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.
3. സൂപ്രണ്ട്,
റ്റാറ്റാ ട്രസ്റ്റ് ഗവ.ആശുപത്രി, കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ